## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1403** **15-06-2012 - ലെ മറുപടിയ്ക്ക്**

## പച്ചക്കറി സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>„ ലൂഡി ലൂയിസ്<br>„ ഡൊമിനിക് പ്രസന്റേഷൻ<br>„ ഷാഫി പറമ്പിൽ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിൽ കർഷകർ അവരുടെ ഉത്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനം ചെയ്യുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ അവർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്യുന്നു. കർഷകരിൽ നിന്നും സെസ്സ് ഈടാക്കാതെ ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകിയാണ് ലേലത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ഉത്പന്നങ്ങളുടെ അടിസ്ഥാന വില മുൻകൂട്ടി നിശ്ചയിച്ചിട്ട് ലേലം ചെയ്യുന്നതിനാൽ കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നുണ്ട്. അതിനാൽ കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള മുഴുവൻ പച്ചക്കറികളും വിപണിയിലൂടെ നേരിട്ട് ലേലം ചെയ്യുന്നു. വിപണികളിൽ നടത്തുന്ന എല്ലാ ലേലങ്ങളിലും ഹോർട്ടികോർപ്പും പങ്കെടുക്കുന്നുണ്ട്.<br>ഇതിനുപുറമെ വി.എഫ്.പി.സി.കെ, സ്വാശ്രയ വിപണികളിലൂടെയും ഹോർട്ടികോർപ്പ്, അവരുടെ ജില്ലാ പ്രൊക്വയർമെന്റ് സെന്ററുകളിലൂടെയും കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ശേഖരിച്ച് അവരുടെ റീട്ടെയിൽ വിൽപനശാലകൾ മുഖേന ഉപഭോക്താക്കൾക്ക് എത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൃഷി വകുപ്പ് നിശ്ചയിക്കുന്ന തറ വിലയ്ക്ക് കൃഷിക്കാരിൽ നിന്നും സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം വിലസ്ഥിരതാ ഫണ്ടിൽ നിന്നും നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | കർഷകർക്ക് നഷ്ടം വരാതെ, ന്യായവും ആകർഷകവുമായ തറവിലയാണ് കൃഷി വകുപ്പ് കർഷകരുടെ ഉത്പന്നങ്ങൾക്ക് നിശ്ചയിക്കുന്നത്. എന്നാൽ മൊത്തവ്യാപാര വിപണികളിലെ ലേലത്തിൽ പങ്കെടുക്കുന്ന ഹോർട്ടികോർപ്പിന് ഉണ്ടാകുന്ന നഷ്ടം വിലസ്ഥിരതാ ഫണ്ടിൽ നിന്നും നൽകി വരുന്നു. ഇതിനു വേണ്ടി 50 ലക്ഷം രൂപ പ്രവർത്തന ഫണ്ടായി ഹോർട്ടികോർപ്പിനു നൽകിക്കഴിഞ്ഞു. |
| (സി) | സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേനവില്പന നടത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് അവരുടെ റീട്ടെയിൽ വിൽപന ശാലകളിലൂടെ വിൽപന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ